# Malayala Manorama
# 24 August 2018
# Wayanad; Banasura Sagar Dam, Shutter

വയനാട്

## ഇതു മുന്നറിയിപ്പാണ്: നടപടിക്രമം വേണം



ഇന്നലെ ബാണാസുരസാഗർ അണക്കെട്ടിന്റെ ഒരു ഷട്ടർ തുറന്ന നിലയിൽ.

ബാണാസുര സാഗർ അണക്കെട്ടിന്റെ നാലു ഷട്ടറുകൾ ജൂലൈ 15ന് ആദ്യം തുറന്നു. പിന്നീടു മഴ കുറഞ്ഞപ്പോൾ ഓഗസ്റ്റ് അഞ്ചിന് അടച്ചെങ്കിലും മഴ കൂടിയതോടെ രണ്ടുദിവസം കഴിഞ്ഞു വീണ്ടും തുറന്നു. പിന്നീടു വേണ്ടത്ര മുന്നറിയിപ്പില്ലാതെ പലതവണയായി 2.9 മീറ്റർ വരെ ഷട്ടറുകൾ ഉയർത്തി. 7,8,9 തീയതികളിലാണ് ഏറ്റവും വലിയ പ്രളയമുണ്ടായത്.

മുന്നറിയിപ്പിനു കൃത്യമായ നടപടിച്ചട്ടം ഉണ്ടാകേണ്ടിയിരിക്കുന്നു. ബാണാസുര തുറക്കുമ്പോൾ മുന്നറിയിപ്പു നൽകാറില്ല എന്നാണു മുഖ്യമന്ത്രി പോലും പറഞ്ഞത്. അതു പോരാ എന്ന് ഇത്തവണത്തെ സ്ഥിതി വ്യക്തമാക്കുന്നു.